**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത<br>ചോദ്യം നമ്പർ - 5309 | 27.07.2015-ൽ<br>മറുപടിയ്ക്ക് |

**അങ്കമാലി ബൈപ്പാസ് നിർമ്മാണം**

| ചോദ്യം<br>ശ്രീ.ജോസ് തെറ്റയിൽ | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്തുവകുപ്പ് മന്ത്രി) |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അങ്കമാലി ബൈപ്പാസ് നിർമ്മാണത്തെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി യോഗം വിളിച്ചുചേർത്തതെന്നാണ്; | (എ) അങ്കമാലി ബൈപ്പാസ് നിർമ്മാണത്തെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി 31.03.2012-നും, 02.07.2014-നും യോഗം വിളിച്ചു ചേർത്തു. |
| (ബി) പ്രസ്തുത യോഗത്തിലെ തീരുമാനങ്ങൾ എന്തായിരുന്നു എന്ന് വ്യക്തമാക്കാമോ; | (ബി) 31.03.2012-ലെ യോഗ തീരുമാനങ്ങൾ താഴെ പറയുന്നവയാണ്.<br>(1) 45 മീറ്റർ വീതിയിൽ ഒരു ബൈപ്പാസും, അതിനോടനുബന്ധിച്ച് PPP മോഡൽ റോഡ് വികസനവും സാധ്യമാക്കുവാൻ ശ്രമിക്കും,<br>(2) മേൽപ്പടി ഭൂമിയുടെ ലാന്റ് അക്വിസിഷൻ നടപടികൾ ത്വരിത പ്പെടുത്തും<br>(3) ആർ.ബി.ഡി.സി.കെ. യെ നോഡൽ ഏജൻസിയായി നിശ്ചയിച്ചു<br>(4) ആർ.ബി.ഡി.സി.കെ- ഒരു സാദ്ധ്യതാ പഠനം നടത്തി രണ്ടു മാസത്തിനകം റിപ്പോർട്ട് നൽകണം.<br>02.07.2014-ലെ യോഗ തീരുമാനങ്ങൾ താഴെ പറയുന്നവയാണ്.<br>(1) PPP മാതൃകയിൽ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിന് ആർ.ബി.ഡി.സി.കെ. യെ ചുമതലപ്പെടുത്തി<br>(2) സർക്കാർ ഈ പദ്ധതി |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുന്നതിൽ ഒരു ഫെസിലിറ്റേറ്റർ മാത്രമായിരിക്കും.<br>(3) സ്ഥലവാസികളുടെ പ്രതികരണം പഠിക്കുന്നതിന് അലൈൻമെന്റ് ഭാഗത്ത് മാർക്ക് ചെയ്ത് അടയാളപ്പെടുത്തുവാൻ നിർദ്ദേശം നൽകി. |
| (സി) | പ്രാഥമിക പ്രൊജക്റ്റ് റിപ്പോർട്ട് സമർപ്പിക്കുവാൻ ഏത് ഏജൻസി യെയാണ് ഏല്പിച്ചിട്ടുള്ളത്; | (സി) | കിറ്റ്കോ എന്ന കൺസൾട്ടൻസി സ്ഥാപനത്തെയാണ് പ്രാഥമിക പ്രൊജക്റ്റ് റിപ്പോർട്ട് സമർപ്പിക്കുവാൻ ഏല്പിച്ചിട്ടുള്ളത് |
| (ഡി) | പ്രാഥമിക പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി പ്രസ്തുത ഏജൻസിയെ ഏല്പിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ? | (ഡി) | 2012 ഏപ്രിൽ മാസത്തിലാണ് പ്രാഥമിക പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി കിറ്റ്കോയെ ഏൽപ്പിച്ചത്. |
| (ഇ) | പ്രസ്തുത ഏജൻസി പ്രാഥമിക പ്രൊജക്റ്റ് റിപ്പോർട്ട് സമർപ്പി ച്ചിട്ടുണ്ടോ; എങ്കിൽ ഇത് എന്നാണെന്ന് വ്യക്തമാക്കാമോ; | (ഇ) | പ്രാഥമിക പ്രൊജക്റ്റ് റിപ്പോർട്ട് കിറ്റ്കോ 2012 മെയ് മാസം ആർ.ബി.ഡി.സി.കെ.യ്ക്ക് സമർപ്പിച്ചു. ആർ.ബി.ഡി.സി.കെ. 22.05.2012-ന് പ്രാഥമിക പ്രോജക്റ്റ് റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചു. |
| (എഫ്) | ഇതിന്റെ അടിസ്ഥാനത്തിൽ വിശദമായ പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുവാൻ ഏത് ഏജൻസിയെയാണ് ഏല്പിച്ചിട്ടുള്ളത്; എങ്കിൽ ഇത് എന്നാണെന്ന് വ്യക്തമാക്കാമോ; | (എഫ്) | വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുവാൻ 20.05.2013-ന് കിറ്റ്കോയെ ഏൽപ്പിച്ചു. |
| (ജി) | വിശദമായ പഠനങ്ങൾക്ക് ശേഷം കഴിഞ്ഞ സർക്കാരിന്റെ ബജറ്റിൽ 1000 കോടി രൂപയുടെ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരുന്ന അങ്കമാലി ബൈപ്പാസിനെ കഴിഞ്ഞ അഞ്ച് ബജറ്റുകളിൽ നിന്നും ഒഴിവാക്കാനുള്ള കാരണം വിശദമാക്കാമോ? | (ജി) | വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക്, ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ബഡ്ജറ്റിൽ പ്രത്യേക തുക വകയിരുത്തുന്നത് ധനകാര്യ വകുപ്പാണ്. |

സെക്ഷൻ ഓഫീസർ